പുഴയുടെ വിലാപം

പശ്ചിമഘട്ടത്തിനോമനപ്പുത്രിയായ്
സഹ്യന്റെ മക്കൾക്കുടപ്പിറപ്പായ്
കാടിന്നുദാഹജലം നൽകി രാത്രിയിൽ
താരാട്ടുപാടുമൊരമ്മയായി
പാറയിൽ തട്ടിത്തടഞ്ഞു ചുഴികളിൽ
ചാരുതയോടെ ഞാൻ ന്നുത്തമാടി
താരകളെൻ തെളിനീരിൽ മുഖം നോക്കി
ക്ഷീരപഥമെന്നിലൂഞ്ഞലാടി
കാട്ടുതേനുണ്ടുമദിച്ചകുരുവികൾ
കാകളിപാടിയെൻ തീരങ്ങളിൽ
കാടിന്നുടമകളാം മലവേടരെൻ
നീരിൽകുളിച്ചുതപമടക്കി
ആയിരമായിരമാണ്ടുകളങ്ങിനെ
കാനനസുന്ദരി ഞാൻ വളർന്നു

(2)

പിന്നീടൊരുനാളൊരർദ്ധസുഷുപ്തിത-
ന്നാലസ്യമാണ്ടങ്ങു ഞാൻ ശയിക്കേ,
വന്നവർ ചങ്ങലക്കെട്ടും ശരങ്ങളും
ദണ്ഡും കുടയും വടികളുമായ്
ഇന്നലെയോളവും കാനനറാണി, നീ-
യിന്നുനാട്ടാർക്കമ്മയായീടണം
നെല്ലറയാക്കണമീഭാർഗ്ഗവക്ഷേത്ര-
മല്ലലൊഴിക്കണമെല്ലാവർക്കും
നിൻ രൂപഭാവങ്ങൾ മാറ്റാം, ഗതി മാറ്റി
നിന്നെയൊഴുക്കാം വസുന്ധരയിൽ
ഈ പാരതന്ത്ര്യം പൊറുക്കൂ മനസ്വിനീ
പാരിന്നുഭക്ഷണമേകാനല്ലേ?
ഞാനതുസമ്മതിച്ചപ്പൊഴുമമ്മക്കു
ചാമരം വീശിയ വന്മരങ്ങൾ

നീളെ തലയാട്ടി, നിഷേധസൂചകം
ഞാനവരേവിട്ടു പോയെങ്കിലൊ?
പാരമാശ്വാസമേകീ ഞാനവർക്കിതു
പാരിൻെറ നന്മയ്ക്കു വേണ്ടീട്ടല്ലേ

(3)

പിന്നെക്കുരുതി തുടങ്ങിയാ, വന്മര-
ച്ചില്ലകളോരോന്നു വെട്ടിവീഴ്ത്തി
എന്തോ പ്രതികാരദാഹം കലർന്ന പോ-
ലേതോ പ്രതിജ്ഞയെടുത്തപോലെ
കാനനം വെട്ടിവെളുപ്പിച്ചു മാനവർ
കാടുകൾ മേടുകളാക്കിമാറ്റി
എൻ കണ്മണികളാമാ, വന്മരങ്ങളും
കണ്ണുനീരോടെ വിടപറഞ്ഞു
മുത്തുക്കുടപോയി, സൂര്യാതപമേറ്റു
വ്യുദ്ധയായ് തീർന്നു ഞാൻ വ്യർത്തിഹീന
എന്നേയവർ മതിൽക്കെട്ടിലൊളിപ്പിച്ചു
എൻ വഴിത്താരകൾ വിണ്ടുകീറി
എല്ലാം സഹിച്ചു ഞാനെല്ലം ക്ഷമിച്ചു ഞാ,
നെല്ലാർക്കുമാമോദമേകാനല്ലേ?
പക്ഷെയാ, ആശകളെല്ലാം നിലച്ചിന്നു
പട്ടുകിടക്കയാണീ കിടങ്ങിൽ
എത്രവസന്തങ്ങളുള്ളിലൊളിപ്പിച്ചു
വർഷമേഘങ്ങൾ കടന്നുപോയി
എത്ര വരൾച്ചകൾ വന്നുകടന്നുപോ-
യെത്തിയില്ലെത്തിയില്ലെങ്ങുമേഞാൻ
എൻ ദുഗ്ദ്ധം നൊട്ടിനുണച്ചുനുകരുവാ-
നെന്നും കൊതിച്ച വയലേലകൾ
ഇന്നും തപമിരിക്കുന്നു വാനം നോക്കി-
യൊന്നു ദാഹം ശമിപ്പിച്ചീടുവാൻ
പച്ചിലച്ചാർത്തിൽ നിന്നൂർന്നു താഴേയ്ക്കു ഞാ-
നെത്തിപ്പിടിക്കാനിടമില്ലാതെ
എങ്ങുമേയെത്താതെ, ആർക്കുമുതകാതെ-
എന്നു മരീചികയായീടുമോ?

%%%%%%%%%%%

കൃഷ്ണ